"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം പള്ളുരുത്തി സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ് ലെ എച്ച്.എസ്.ടി (ഗണിതം) ശ്രീമതി എലിസബത്ത് ബിജിനു.കെ.ഐ യുടെ നിയമനാംഗീകാരത്തിനായി കൊച്ചിൻ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ജനറൽ മാനേജർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.7553/2025/GEDN തീയതി,തിരുവനന്തപുരം, 27-09-2025

പരാമർശം:-

1) കൊച്ചിൻ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ജനറൽ മാനേജർ 16.06.2025 ൽ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി.
2) എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 09.09.2025 ലെ ഡി.ഡി.ഇ. ഇ.കെ.എം/6092/25-ബി2 നമ്പർ കത്ത്.
3) എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 11.09.2025 ലെ ബി3/2014/2025 നമ്പർ കത്ത്.
4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.09.2025 ലെ ഇസി3/13379/2025/ ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പള്ളുരുത്തി സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്. ലെ ശ്രീമതി എലിസബത്ത് ബിജിനു.കെ.ഐ യുടെ 14.07.2023 മുതലുള്ള എച്ച്.എസ്.ടി. (ഗണിതം) തസ്തികയിലെ നിയമനാംഗീകാരത്തിനായി, കൊച്ചിൻ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ജനറൽ മാനേജർ പരാമർശം (1) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിവിഷൻ ഹർജി വിശദമായി പരിശോധിക്കുന്നതിനായി ഹർജിക്കാരനും ബന്ധപ്പെട്ട മറ്റു കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. ഹർജിക്കാരന്റെ വാദങ്ങൾ പ്രകാരം, കൊച്ചി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ പരിധിയിലുള്ള എറണാകുളം പള്ളുരുത്തി സെന്റ് സെബാസ്റ്റ്യൻസ് ഹയർസെക്കൻഡറി സ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) ശ്രീ.ഫാബിയൻ മെയ്ൻ ന് പ്രസ്തുത സ്കൂളിൽ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഗണിതം) ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ, ടി സ്കൂളിലെ യു.പി.എസ്.ടി ആയ ശ്രീമതി.എലിസബത്ത് ബിജിനു കെ.ഐ യ്ക്ക് സ്ഥാനക്കയറ്റം നൽകി 14.07.2023 മുതൽ എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ നിയമിച്ചു. ശ്രീ.ഫാബിയൻ മെയ്ൻ ന്റെ HSST (Jr) കണക്ക് തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനു വിധേയമായി, ശ്രീമതി എലിസബത്ത് ബിജിനു കെ.എ. യുടെ HST (കണക്ക്) തസ്തികയിലെ നിയമനം അംഗീകരിച്ചു തരുവാൻ നിർദ്ദേശം നൽകണം.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം, കൊച്ചി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ പരിധിയിലുള്ള എറണാകുളം, പള്ളുരുത്തി സെന്റ് സെബാസ്റ്റ്യനൻസ് ഹയർസെക്കൻഡറി സ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) ശ്രീ.ഫാബിയൻ മെയിൻ ന് പ്രസ്തുത സ്കൂളിൽ

എച്ച്.എസ്.എസ്.ടി-Jr (ഗണിതം) ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ യു.പി.എസ്.ടി ആയ ശ്രീമതി.എലിസബത്ത് ബിജിനു കെ.ഐ യ്ക്ക് സ്ഥാനക്കയറ്റം നൽകി 14.07.2023 മുതൽ എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ നിയമിച്ചു. പ്രൊമോട്ടിയായ ശ്രീ.ഫാബിയൻ മെയിനിന്റെ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഗണിതം) തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടില്ല, ശ്രീമതി.എലിസബത്ത് ബിജിനു കെ.ഐയുടെ യു.പി.എസ്.ടി നിയമനം താത്ക്കാലികമായി അംഗീകരിച്ചിട്ടുള്ളതിനാൽ ടിയാളെ ചട്ടം 43 അവകാശി ആയി പരിഗണിക്കാൻ കഴിയില്ല എന്നീ കാരണങ്ങളാൽ ശ്രീമതി.എലിസബത്ത് ബിജിനു കെ.ഐ യുടെ നിയമനം എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസറും വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചു. മേൽ ഉത്തരവുകൾക്കെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീൽ, വ്യവസ്ഥാപിത ഒഴിവ് ലഭ്യമല്ലാത്തതിനാൽ നിരസിക്കുകയുണ്ടായി. ശ്രീമതി.എലിസബത്ത് ബിജിനു. കെ.ഐ യുടെ യു.പി.എസ്.ടി തസ്തികയിലെ നിയമനം താത്ക്കാലികമായി അംഗീകരിച്ചിട്ടുള്ളതിനാൽ എച്ച്.എസ്.ടി സ്ഥാനക്കയറ്റ നിയമനവും സമാന രീതിയിൽ അംഗീകരിയ്ക്കാവുന്നതാണ്. നിലവിൽ ശ്രീ.ഫാബിയൻ മെയിനിന്റെ എച്ച്.എസ്.എസ്.ടി-Jr (ഗണിതം) തസ്തികയിലെ 07.07.2023 മുതലുള്ള സ്ഥാനക്കയറ്റ നിയമനം ഹയർസെക്കൻഡറി വിഭാഗം എറണാകുളം മേഖല ഉപമേധാവി 18.06.2025 ലെ RDDHSE/EKM/6120/23-A3 ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകിയിട്ടുണ്ട്. പ്രൊമോട്ടിയുടെ നിയമനം അംഗീകരിച്ചിട്ടുള്ളതിനാൽ ശ്രീമതി.എലിസബത്ത് ബിജിനു കെ.ഐ യ്ക്ക് നിലനിൽക്കുന്നതിനാവശ്യമായ ഒഴിവ് വ്യവസ്ഥാപിതമാണ്. തസ്തിക നിർണ്ണയ പ്രകാരം പ്രസ്തുത സ്കൂളിൽ 3 എച്ച്.എസ്.ടി (ഗണിതം) തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആയത് 2025-26 വർഷത്തെ തസ്തിക നിർണയത്തിലും നിലനിൽക്കുന്നതാണെന്ന് എറണാകുളം ജില്ലാ വിദ്യാഭ്യാസ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, ശ്രീമതി.എലിസബത്ത് ബിജിനു.കെ.ഐ യുടെ 14.07.2023 മുതലുള്ള എച്ച്.എസ്.ടി (ഗണിതം) തസ്തികയിലെ നിയമനം അംഗീകരിച്ചു നൽകാവുന്നതാണ്.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും ബന്ധപ്പെട്ട ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. നിലവിൽ ശ്രീ.ഫാബിയൻ മെയിനിന്റെ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഗണിതം) തസ്തികയിലെ 07.07.2023 മുതലുള്ള തസ്തികമാറ്റ നിയമനം എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ 18.06.2025 ലെ RDDHSE/EKM/6120/23-A3 ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ളതിനാൽ, ശ്രീമതി.എലിസബത്ത് ബിജിനു കെ.ഐ യ്ക്ക് 14.07.2023 മുതൽ നിലനിൽക്കുന്നതിനാവശ്യമായ ഒഴിവ് വ്യവസ്ഥാപിതമാണ്.

5. മേൽ സാഹചര്യത്തിൽ, വ്യവസ്ഥാപിത ഒഴിവ് ലഭ്യമായിട്ടുള്ള പക്ഷം പള്ളുരുത്തി സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്. ലെ ശ്രീമതി എലിസബത്ത് ബിജിനു.കെ.ഐ യുടെ 14.07.2023 മുതലുള്ള എച്ച്.എസ്.ടി. (ഗണിതം) തസ്തികയിലെ നിയമനം മറ്റെല്ലാവിധത്തിലും ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുന്നതിന് എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രഞ്ജൻ രാജ് ആർ പി
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എറണാകുളം.

ജനറൽ മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി,
കൊച്ചി രൂപത, കാത്തലിക് സെന്റർ, തോപ്പുംപടി, എറണാകുളം.
ശ്രീമതി എലിസബത്ത് ബിജിനു.കെ.ഐ, എച്ച്.എസ്.ടി (ഗണിതം),
സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്, പള്ളുരുത്തി, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 27-09-2025 12:51:32

സെക്ഷൻ ഓഫീസർ